"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല - പിലിക്കോട് ഗ്രാമപഞ്ചായത്ത് - ദേശീയപാതാ വികസനത്തിനായി പഞ്ചായത്ത് ഓഫീസ് കെട്ടിടവും വ്യാപാര സമുച്ചയവും അനുബന്ധ കെട്ടിടങ്ങളും ഏറ്റെടുത്തതുവഴി അനുവദിച്ച നഷ്ടപരിഹാരത്തുക പിലിക്കോട് ഗ്രാമപഞ്ചായത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ബി) വകുപ്പ്**

G.O.(Rt)No.649/2025/LSGD തീയതി,തിരുവനന്തപുരം, 09-03-2025

---

പരാമർശം:-

1. സ.ഉ(കൈ) നം. 237/2021/ആർഡി തീയതി 23.11.2021
2. സ.ഉ(സാധാ) നം. 232/2022/ധന തീയതി 12.01.2022
3. കാസർഗോഡ് ജില്ല സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ & CALA (കോമ്പീറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ) ടെ 15.02.2022 ലെ LAC No.223/Pilicode VIllage നമ്പർ നടപടിക്രമം
4. പിലിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2022 ലെ SC2/906/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കെട്ടിടവും വ്യാപാര സമുച്ചയവും അനുബന്ധ കെട്ടിടങ്ങളും ദേശീയപാത വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്തതുവഴി പരാമർശം (1 &2) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങളുടെ നഷ്ടപരിഹാരമായി അനുവദിച്ച 2,18,62,625/- രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ടെന്ന് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ പരാമർശം (3) പ്രകാരം പിലിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. പ്രസ്തുത തുക പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്കോ അല്ലെങ്കിൽ പിലിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള കാനറാ ബാങ്ക് അക്കൗണ്ടിലേക്കോ മാറ്റി നൽകുന്നതിന് പിലിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. റീ ഫണ്ട് ബില്ലുകൾ ഓൺലൈൻ ആയി തയ്യാറാക്കുന്ന സംവിധാനം നിലവിൽ വന്നതു മുതൽ തുക ഒടുക്കുന്ന അതേ ശീർഷകത്തിൽ നിന്നു മാത്രമേ BiMS വഴി പ്രസ്തുത തുകകളിൽ നിന്നുള്ള റീഫണ്ട് അനുവദിക്കുവാൻ കഴിയൂ എന്ന വസ്തുത കണക്കിലെടുത്ത് പരാമർശം (1) & (2) പ്രകാരം ദേശീയപാത വികസനത്തിന്റെ ഭാഗമായി പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കെട്ടിടവും വ്യാപാര സമുച്ചയവും അനുബന്ധ കെട്ടിടങ്ങളും ഏറ്റെടുത്ത ഇനത്തിൽ നഷ്ടപരിഹാര തുകയായി '0075-00-105-98 Compensation realized on account of Government land held by PSU and LSGIs for various projects viz

Airport, Railways, NH, other Public Projects in Kerala' എന്ന ശീർഷകത്തിൽ പരാമർശം (3) ലെ നടപടിക്രമം പ്രകാരം ട്രഷറിയിൽ ക്രെഡിറ്റ് ചെയ്ത 2,18,62,625/- രൂപ (രണ്ട് കോടി പതിനെട്ട് ലക്ഷത്തി അറുപത്തിരണ്ടായിരത്തി അറുന്നൂറ്റി ഇരുപത്തഞ്ച് രൂപ മാത്രം) പിലിക്കോട് ഗ്രാമ പഞ്ചായത്തിന് റീ ഫണ്ട് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ഭരണാനുമതി ഉത്തരവും, തുക ട്രഷറിയിൽ അടച്ചത് സംബന്ധിച്ച വിശദാംശങ്ങളും സഹിതം ട്രഷറി ആപ്ലിക്കേഷനിലെ റീ-ഫണ്ട് മാസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി ട്രഷറിയെ ബന്ധപ്പെട്ട DDO സമീപിക്കേണ്ടതാണെന്നും റീ-ഫണ്ട് മാസ്റ്ററിൽ പ്രസ്തുത റീ-ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന മുറയ്ക്ക് BiMS വഴി റീ-ഫണ്ട് ബിൽ തയ്യാറാക്കി നൽകി ബന്ധപ്പെട്ട DDO യ്ക്ക് തുക പിൻവലിച്ച് അന്തിമ ഗുണഭോക്താവിന് നൽകാവുന്നതും, പ്രസ്തുത നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ ഒരു DDO യെ ചുമതലപ്പെടുത്തേണ്ടതുമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 10-03-2025 11:46:21
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, പീലിക്കോട് ഗ്രാമപഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
4. ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (DEV-2/266/2022FIN E-2184653)
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി1/394/2023/എൽ.എസ്.ജി.ഡി)